<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5993</u> <u>17-03-2023 - ൽ മറുപടിയ്ക്ക്</u>

<u>വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡിന്റെ നിർമ്മാണ പ്രവൃത്തി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് കിഫ്ബി കൺസൽറ്റന്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് ബണ്ട് റോഡിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് 08.06.2022-ന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിഭാഗം 13.07.2022-ന് സ്ഥല സന്ദർശനം നടത്തുകയുണ്ടായെന്നും, ടി പ്രവൃത്തി വരുന്ന ഭൂരിഭാഗം സ്ഥലവും ഇറിഗേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ളതും ധാരാളം സ്ലൂയിസുകളുടെ (ജലപ്രവാഹം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം) നിർമ്മാണം/ പുനർനിർമ്മാണം ആവശ്യമായി വരുന്നതുമാണെന്നും, ഇത്തരം പ്രവൃത്തികളിൽ ഇറിഗേഷൻ വകുപ്പിനാണ് വൈദഗ്ധ്യമുള്ളതെന്നും, കൂടാതെ പ്രവൃത്തിയുടെ സ്വഭാവം കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഹൈവേ ഡിസൈൻ പ്രോജക്ടിന്റെ പരിധിയിൽ വരുന്നതല്ല എന്നും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടതായും നിർവ്വഹണ ഏജൻസി കിഫ്ബിയിൽ 08/12/2022-ലെ കത്ത് മുഖേന അറിയിച്ചതിനെത്തുടർന്ന് 07.03.2023-ന് കിഫ്ബി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശനം നടത്തുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച തീരുമാനം നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ജിഡ സെക്രട്ടറി 23.12.2022-ലെ ജിഡ/1416/2019 നമ്പർ കത്ത് പ്രകാരം കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; ? | (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ജിഡ സെക്രട്ടറിയുടെ 23/12/2022-ലെ ജിഡ/1416/2019 നമ്പർ കത്ത് കിഫ്ബിയിൽ ലഭിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ